പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5389 — 04.07.2013-ൽ മറുപടിയ്ക്ക്

പകർച്ച വ്യാധികളെ സംബന്ധിച്ച് പഠിക്കുന്നതിനുള്ള കേന്ദ്രസംഘം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ.കെ.ബാലൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ പടർന്ന് പിടിക്കുന്ന ഡെങ്കിപ്പനി, ചിക്കൻഗുനിയ മുതലായ അസുഖങ്ങൾ സംബന്ധിച്ച് സംസ്ഥാനം കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഡെങ്കിപ്പനി, ചിക്കൻഗുനിയ തുടങ്ങിയ പകർച്ച വ്യാധികളെ സംബന്ധിച്ച സ്ഥിതി വിവര കണക്ക് ഡൽഹിയിലുള്ള IDSP യുടെ കീഴിലുള്ള സെൻട്രൽ സർവെയലൻസ് യൂണിറ്റി (CSU)-ലേയ്ക്ക് ദിവസേന നൽകുന്നുണ്ട്.<br>ഡെങ്കിപ്പനി, ചിക്കൻഗുനിയ എന്നീ പകർച്ച വ്യാധികളെക്കുറിച്ചുള്ള റിപ്പോർട്ട് ഡൽഹിയിലെ ദേശീയ പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടിയുടെ (NVBDCP) കാര്യാലയത്തിലേക്കും അയയ്ക്കുന്നുണ്ട്. |
| (ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽ നിന്നുള്ള വിദഗ്ദ്ധ സംഘം കേരളം സന്ദർശിച്ചിട്ടുണ്ടോ ; എത്ര പ്രാവശ്യം സന്ദർശനം നടത്തിയെന്നും എന്നായിരുന്നു സന്ദർശനങ്ങൾ എന്നും ആരായിരുന്നു സംഘത്തലവൻ എന്നും എവിടെയെല്ലാം സന്ദർശനം നടത്തിയെന്നും അറിയിക്കുമോ; | (ബി) ഡൽഹിയിലുള്ള NVBDCP യുടെ കാര്യാലയത്തിൽ ഡെങ്കിപ്പനി, ചിക്കൻഗുനിയ എന്നീ പകർച്ച വ്യാധികളുടെ ചുമതലയുള്ള ജോയിന്റ് ഡയറക്ടർ ഡോ. കൽപ്പന ബറുവ ജൂൺ മാസം 19,20,21 തീയതികളിൽ സംസ്ഥാനത്ത് സന്ദർശനം നടത്തി. എറണാകുളം, തിരുവനന്തപുരം ജില്ലകളിലാണ് അവർ പ്രധാനമായും സന്ദർശനം നടത്തിയത്. |
| (സി) വിദഗ്ദ്ധ സംഘത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) ലഭിച്ചിട്ടില്ല. |
| (ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ